ഭരണഭാഷ മാതൃഭാഷ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കൻഡറി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ - dhsescholarships@gmail.com;
ഫോൺ:0471 2580738--

എച്ച് എസ് ഇ/9410/2024- എ സി ഡി എസ് പി എൽ1 തീയതി:24-02-2025

സർക്കുലർ

വിഷയം: പൊ വി വ- ഹ സെ വി- ബി പി എൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് 2024-25 തുക വിതരണം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പണം സംബന്ധിച്ച്

സൂചന: 1) 27/ 09 /2024 ലെ എച്ച് എസ് ഇ/9410/2024- എ സി ഡി എസ് പി എൽ1 ഉത്തരവ് (പ്ലസ് ടു ജനറൽ)

2) 15/ 10 /2024 ലെ എച്ച് എസ് ഇ/9410/2024- എ സി ഡി എസ് പി എൽ1 (1) ഉത്തരവ് (പ്ലസ് ടു എസ് സി എസ് റ്റി)

3) 15/ 10 /2024 ലെ എച്ച് എസ് ഇ/9410/2024- എ സി ഡി എസ് പി എൽ1 (2) ഉത്തരവ് (പ്ലസ് ടു ആർട്സ്/സ്പോർട്സ്/ഭിന്നശേഷി)

4) 04 / 12 /2024 ലെ എച്ച് എസ് ഇ/9410/2024- എ സി ഡി എസ് പി എൽ1 (3-16) ഉത്തരവ് (പ്ലസ് വൺ ജനറൽ)

5) 09/01 /2025 ലെ എച്ച് എസ് ഇ/9410/2024- എ സി ഡി എസ് പി എൽ1 (17) ഉത്തരവ് (പ്ലസ് വൺ എസ് സി എസ് റ്റി)

6) 13 / 02 /2025 ലെ എച്ച് എസ് ഇ/9410/2024- എ സി ഡി എസ് പി എൽ1 (18) ഉത്തരവ് (സ്പെഷ്യൽ അലോട്ട്മെന്റ് )

7) 21 / 02 /2025 ലെ എച്ച് എസ് ഇ/9410/2024- എ സി ഡി എസ് പി എൽ1 (19) ഉത്തരവ് (പ്ലസ് വൺ ആർട്സ്/സ്പോർട്സ്/ഭിന്നശേഷി )

സൂചന 1,2,3,4,5,6,7 പ്രകാരം ബി പി എൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് 2024-25 വർഷത്തെ എല്ലാ കാറ്റഗറികളിലേയും (പ്ലസ് വൺ,പ്ലസ് ടു ജനറൽ,എസ് സി എസ് റ്റി,ആർട്സ്/സ്പോർട്സ്/ഭിന്നശേഷി,സ്പെഷ്യൽ അലോട്ട്മെന്റ്) ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുകയും ഉത്തരവിറങ്ങുകയും ചെയ്തു.

എല്ലാ കാറ്റഗറികളിലേയും തുകകൾ പ്രിൻസിപ്പൽമാർക്ക് ട്രഷറി അലോട്ട് മെൻറ് ആയി നൽകി കഴിഞ്ഞു.തുക എത്രയും പെട്ടെന്ന് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഈ സാമ്പത്തിക വർഷം തന്നെ മാറി നൽകേണ്ടതാണ്. തുക ലാപ്സാകുന്ന പക്ഷം വീണ്ടും അനുവദിക്കുന്നതല്ല എന്നും ആയത് പ്രിൻസിപ്പൽമാരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

തുക വിതരണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1)ബിപിഎൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ DHSE SCHOLARSHIP പോർട്ടലിലെ സ്കൂൾ ലോഗിനിൽ ലഭ്യമാണ്.

2) സ്കോളർഷിപ്പ് ഇനത്തിൽ അലോട്ട്മെൻ്റ് ലഭിച്ചാലുടൻ തന്നെ വിദ്യാർത്ഥിയുടെ അക്കൗണ്ടിലേക്ക് ഉത്തരവിൽ നിർദേശിക്കും പ്രകാരം തുക മാറി നൽകേണ്ടതാണ്.

3) വിദ്യാർത്ഥിയുടെ അക്കൗണ്ട് ആക്ടിവാണെന്ന് ഉറപ്പ് വരുത്തി കൃത്യമായ വിവരങ്ങൾ ബില്ലിനൊപ്പം നൽകുക.

4)ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ പാസ്സായിട്ടുണ്ടോ എന്നും ശരിയായ അക്കൗണ്ടിലേക്കാണോ ക്രഡിറ്റ് ചെയ്തിട്ടുള്ളത് എന്ന കാര്യം യഥാസമയം U.T.R പരിശോധിച്ച് എന്തെങ്കിലും തെറ്റുകൾ ഉണ്ടായാൽ 15 ദിവസത്തിനകം അക്കൗണ്ട് നമ്പർ സംബന്ധിച്ച് തിരുത്തലുകൾ വരുത്തി നൽകേണ്ടതാണ്. തെറ്റായ അക്കൗണ്ട് നമ്പറിലേക്ക് നൽകുന്ന തുക 15 ദിവസം കഴിഞ്ഞാലുടൻ സർക്കാർ ഫണ്ടിലേക്ക് വരവ് വക്കുന്നതാണ്.

5) കുട്ടികളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാതെ സർക്കാർ ഫണ്ടിലേക്ക് വരവ് വക്കുന്ന തുക യാതൊരു കാരണവശാലും വീണ്ടും അനുവദിക്കുന്നതല്ല. എന്നാൽ ഉത്തരവ് പ്രകാരം അനുവദിച്ച തുക അതാത് കുട്ടികളുടെ അക്കൗണ്ടിൽ കർശനമായും ക്രെഡിറ്റ് ചെയ്യേണ്ടത് പ്രിൻസിപ്പാളിന്റെ ഉത്തരവാദിത്തമാണ്.

6) 2024 -25 അധ്യയന വർഷത്തെ ബി പി എൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് (KFC Form 44) ഡിജിറ്റലായി സമർപ്പിക്കുന്നതിനുള്ള ലിങ്ക് മാർച്ച് 15 മുതൽ സ്കോളർഷിപ്പ് പോർട്ടലിൽ ലഭ്യമാവുന്നതാണ്. ആയത് സമർപ്പിക്കുന്നതിനുള്ള സത്വര നടപടികളും കൈക്കൊള്ളേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Shajitha S
Date: 24-02-2025 18:54:22

ജോയിന്റ് ഡയറക്ടർ
(അക്കാദമിക്)